**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2608** **05/11/2019 ൽ മറുപടിക്ക്**

**പമ്പാതീരവും പരിസര പ്രദേശങ്ങളും സംരക്ഷിക്കുന്നതിന് നടപടികൾ**

**ചോദ്യം** **മറുപടി**

**ശ്രീ.പി.സി. ജോർജ്** **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പ്രളയംമൂലം തകർന്ന പമ്പാ നദീതീരവും പരിസരപ്രദേശങ്ങളും സംരക്ഷിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനുമായി ദേവസ്വം ബോർഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ തകർന്ന പമ്പയിൽ തീർത്ഥാടകർക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പമ്പയിലെ ത്രിവേണി പാലത്തിൽ പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ് ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി ത്രിവേണി മുതൽ ഞുണങ്ങാർ വരെയുള്ള സ്ഥലത്ത് കൽപ്പടവുകൾ നിർമ്മിക്കുകയും മര സംരക്ഷണ ഭിത്തി നിർമ്മിച്ച് മരങ്ങൾ വച്ച് പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിലും ജനപ്രതിനിധികളുമായും ദേവസ്വം ബോർഡ് എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ദേവസ്വം ബോർഡ് നടത്തിയ യോഗങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ